**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3835** **06-08-2021 - ൽ മറുപടിയ്ക്ക്**

**വന സംരക്ഷണത്തിന് പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ നിന്ന് നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനം വകുപ്പിന് കീഴിൽ വന സംരക്ഷണത്തിനായുള്ള തസ്തികകളിലേക്ക് പട്ടിക വർഗ്ഗ വിഭാഗങ്ങളിൽ നിന്ന് പ്രത്യേക നിയമനം നടത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; | (എ) | തീരുമാനമെടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം തസ്തികകളിലേക്കാണ് നിയമനം നടത്തുന്നതെന്നും ഓരോ തസ്തികകളിലും എത്ര ഒഴിവുകൾ നികത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ; | (ബി) | 12/02/2021 ലെ സ.ഉ. (കൈ) നം. 03/2021/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, വനം വകുപ്പിൽ ആദിവാസി വിഭാഗത്തിൽ നിന്നും 500 പുതിയ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം നിയമിക്കുന്നതിനായി, തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി തസ്തികകളിലേക്കുള്ള നിയമനം സംബന്ധിച്ച നടപടികൾ നടന്നു വരുന്നു. |
| (സി) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിന്റെ കീഴിൽ വരുന്ന വനം മേഖലയിൽ മണ്ഡലത്തിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നു തന്നെ നിയമനം നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്കുള്ള നിയമനം ജില്ലാടിസ്ഥാനത്തിലാണ് നടത്തുന്നത്. 12/02/2021-ലെ സ.ഉ. (കൈ) നം. 03/2021/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയ്ക്ക് ആദിവാസി വിഭാഗത്തിൽ നിന്നും നിയമിക്കുന്നതിനായി 60 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ